**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 338** **03.03.2020 ൽ മറുപടിക്ക്.**

## ആംനസ്റ്റി സ്കീം പ്രകാരം നികുതി പിരിവ്

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. നടപ്പാക്കിയതുമൂലം വയനാട് ജില്ലയിൽ അടച്ചുപൂട്ടപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന കാഷ്വൽ സ്വീപ്പർമാർക്ക് പുനർനിയമനം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ നിന്നും വിടുതൽ ചെയ്ത കാഷ്വൽ സ്വീപ്പർമാർക്ക് ഭാവിയിൽ വകുപ്പിന്റെ ഏതെങ്കിലും ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരെ ആവശ്യമായി വരുന്ന പക്ഷം നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിഗണന നൽകുന്നതാണ്. |
| (ബി) | നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം പ്രകാരം എത്ര തുക ഇതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം പ്രകാരം 138.14 കോടി രൂപ (31.01.2020) വരെ പിരിച്ചെടുത്തിട്ടുണ്ട്. |
| (സി) | ആംനസ്റ്റി സ്കീം പ്രകാരം അപേക്ഷ നൽകിയെങ്കിലും കുടിശ്ശിക തിരിച്ചടയ്ക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഉടൻ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | 2019-20 ആംനസ്റ്റി സ്കീം പ്രകാരം അപേക്ഷ നൽകിയതിൽ 225.20 കോടി രൂപ ഇനിയും അടയ്ക്കുവാനുണ്ട്. അവർക്ക് കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 31.03.2020 വരെ സമയം അനുവദിച്ചിട്ടുണ്ട്. ഇവർക്ക് 2020-21 വർഷത്തിലെ പുതിയ ആംനസ്റ്റി സ്കീം സ്വീകരിക്കുവാൻ അവസരം ഉണ്ടാകുമെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**